**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1790** **08-10-2021 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വകുപ്പിലെ ജോയിന്റ് ആർ.ടി.ഒ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വകുപ്പിലെ ജോയിന്റ് ആർ.ടി.ഒ തസ്തികയുടെ അടിസ്ഥാന യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരവും കേന്ദ്ര നോട്ടിഫിക്കേഷനുകളുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്തെ ജോയിന്റ് ആർ.ടി. ഓഫീസർമാർക്ക് പ്രത്യേക യോഗ്യത നിർണ്ണയിച്ചിട്ടില്ല. Kerala Transport Service Special Rules അനുസരിച്ച് M.V.I തസ്തികയിൽ നിന്നും, Senior Superintendent തസ്തികയിൽ നിന്നും 2:1 എന്ന അനുപാതത്തിലാണ് ഈ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വരുന്നത്. എന്നാൽ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നേരിട്ടുള്ള നിയമനത്തിന് കേരള ട്രാൻസ്പോർട്ട് സർവ്വീസിലെ എൻട്രി ലവൽ തസ്തികയായ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ അതെ യോഗ്യത തന്നെയാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | ജോയിന്റ് ആർ.ടി.ഒ. മാരുടെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ബി) | കേരള മോട്ടോർ വാഹന ടാക്സേഷൻ ആക്ട് പ്രകാരം ടാക്സേഷൻ ഓഫീസറായും, കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരം അഡീഷണൽ ലൈസൻസിംഗ് അതോറിറ്റി, അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റി എന്നീ നിലകളിലും പ്രവർത്തിക്കുന്നത് ജോയിന്റ് ആർ.ടി.ഒ-മാരാണ്. ഓഫീസ് മേധാവി എന്ന നിലയിൽ സബ് ആർ.ടി ഓഫീസിലെ എല്ലാ ഭരണപരമായ ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതും, വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും അസ്സിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും സമർപ്പിക്കുന്ന സാങ്കേതിക സ്വഭാവമുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുക, ബഹു.കോടതികളിൽ ഹാജരായി വാഹനാപകട റിപ്പോർട്ടിന്മേൽ ബഹു.കോടതികൾ ആവശ്യപ്പെടുന്ന വിവരങ്ങളും വാഹനാപകടങ്ങൾ സംബന്ധിച്ച വാഹനത്തിന്റെയും അപകട |

| | | | |
|---|---|---|---|
| | | | സ്ഥലത്തിന്റേയും സാങ്കേതിക ബോധ്യപ്പെടുത്തൽ, കൂടാതെ സംസ്ഥാനത്തിനകത്തും പുറത്തും നടക്കുന്ന പൊതുശ്രദ്ധ നേടുന്ന അപകടങ്ങളിലും വാഹനാപകടങ്ങളിൽ ഒന്നിൽക്കൂടുതൽ ആളുകൾ മരണമടയുന്ന കേസുകളിലും സർക്കാരിന്റെയോ ബഹു.കോടതികളുടെയോ നിർദ്ദേശപ്രകാരം പ്രസ്തുത സ്ഥലവും വാഹനവും പരിശോധിച്ച റിപ്പോർട്ട് സമർപ്പിക്കുക, ഹെവി വാഹനങ്ങളുടെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ, എൻഫോഴ്സ്മെന്റ് അണ്ടർ എം.വി ആക്ട് എന്നിവയും ജോയിന്റ് ആർ.ടി.ഒ-യുടെ ചുമതലകളാണ്. |
| (സി) | സംസ്ഥാനത്തെ ജോയിന്റ് ആർ.ടി.ഒ. മാരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (സി) | തിരുവനന്തപുരം - 10, കൊല്ലം - 7, പത്തനംതിട്ട - 6, ആലപ്പുഴ - 6, കോട്ടയം - 6, ഇടുക്കി - 5, എറണാകുളം - 9, തൃശ്ശൂർ - 8, പാലക്കാട് - 6, മലപ്പുറം - 7, കോഴിക്കോട് - 8, വയനാട് - 3, കണ്ണൂർ - 5, കാസർഗോഡ് - 3. |
| (ഡി) | ഇവർക്ക് ആർ.ടി.ഒ. തസ്തികയ്ക്ക് വേണ്ട അടിസ്ഥാന യോഗ്യതകളുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ യോഗ്യതയില്ലാത്തവർ ആരെല്ലാമാണെന്ന് ജില്ല തിരിച്ച വ്യക്തമാക്കാമോ; | (ഡി) | കേന്ദ്ര മോട്ടോർ വാഹന നിയമപ്രകാരവും കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷനുകളും അനുസരിച്ച് ജോയിന്റ് ആർ.ടി.ഒ തസ്തികയിലുള്ളവർക്ക് നിശ്ചിത യോഗ്യത നിഷ്കർഷിച്ചിട്ടില്ല. Kerala Transport Services Special Rules അനുസരിച്ച് M.V.I തസ്തികയിൽ നിന്നും, Senior Superintendent തസ്തികയിൽ നിന്നും 2:1 എന്ന അനുപാതത്തിലാണ് ഈ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി വരുന്നത്. |
| (ഇ) | വേണ്ടത്ര യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരെ നിയമിക്കുന്നത് റോഡ് സുരക്ഷാ നടപടികളെ പ്രതികൂലമായി ബാധിക്കുമെന്ന സുപ്രീം കോടതിയുടെ പ്രത്യേക സമിതിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനനുസൃതമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ; | (ഇ) | പത്താം ശമ്പള കമ്മീഷനും മോട്ടോർ വാഹന വകുപ്പിലെ വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റിയും ശിപാർശ ചെയ്യതിന്റെയും, ബഹു. സുപ്രീംകോടതി റോഡ്സുരക്ഷാ കമ്മിറ്റിയുടെ കണ്ടെത്തലിന്റെയും അടിസ്ഥാനത്തിൽ ജോയിന്റ് ആർ.ടി.ഒ തസ്തികയിലേക്ക് യോഗ്യത നിശ്ചയിച്ച് നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (എഫ്) | പത്താം ശമ്പള കമ്മീഷനും മോട്ടോർ വാഹനവകുപ്പിലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയും ജോയിന്റ് ആർ.ടി.ഒ. തസ്തികയ്ക്കുള്ള യോഗ്യത നിശ്ചയിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ ശുപാർശയിന്മേൽ സ്വീകരിച്ച നടപടികളെന്താണെന്ന് വ്യക്തമാക്കുമോ? | (എഫ്) | പത്താം ശമ്പള കമ്മീഷനും മോട്ടോർ വാഹന വകുപ്പിലെ വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റിയും ശിപാർശ ചെയ്യതിന്റെയും, ബഹു. സുപ്രീംകോടതി റോഡ്സുരക്ഷാ കമ്മിറ്റിയുടെ കണ്ടെത്തലിന്റെയും അടിസ്ഥാനത്തിൽ ജോയിന്റ് ആർ.ടി.ഒ തസ്തികയിലേക്ക് യോഗ്യത നിശ്ചയിച്ച് നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ